**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 295** **09-10-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യവിഭവ പരിപാലനത്തിനായി ത്രിതല മാനേജ്മെന്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ആൻസലൻ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യവിഭവ പരിപാലനം ലക്ഷ്യമിട്ട് നിയമനിർമ്മാണത്തിലൂടെ രൂപീകരിക്കുകയും മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്ത ത്രിതല മാനേജ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മത്സ്യവിഭവ പരിപാലനം ലക്ഷ്യമിട്ട് നിയമനിർമ്മാണത്തിലൂടെ രൂപീകരിച്ച ത്രിതല മാനേജ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും, നിരീക്ഷണത്തിനും, സുസ്ഥിരമായി മത്സ്യസമ്പത്ത് പരിപാലിക്കുന്നതിനും വേണ്ടിയുള്ള 1980 ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ (കെ.എം.എഫ്.ആർ.എ.) കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ.എ. 2017 ൽ ഭേദഗതി ചെയ്ത് നിർദ്ദിഷ്ട ഗസറ്റ് വിജ്ഞാപനം വഴി ഒരു ത്രിതല സംവിധാനമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായി. ഇത്തരത്തിൽ ഒരു ത്രിതല സംവിധാനം നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ആയത് താഴെപ്പറയും പ്രകാരമാണ്.<br><br>1. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ (FVMC)<br>2. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ (DFMC)<br>3. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ (SFMC)<br><br>പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ഒൻപത് തീരദേശ ജില്ലകളിലായി ജില്ലാ ഫിഷറീസ് മാനെജ്മെന്റ് കൗൺസിലുകളും 222 മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഫിഷിംഗ് വില്ലേജ് മാനെജ്മെന്റ് കൗൺസിലുകളും രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |

കൗൺസിലുകൾ നിശ്ചിത ഇടവേളകളിൽ കൗൺസിൽ മീറ്റിംഗുകൾ കൂടുകയും തീരുമാനങ്ങളിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ വില്ലേജ് തലത്തിൽ തന്നെ നടപടി സ്വീകരിക്കുകയും ജില്ലാ തലത്തിൽ റിപ്പോർട്ട് ചെയ്യേണ്ട വിഷയങ്ങൾ ജില്ലാ തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു വരുന്നു. ജില്ലാ തലത്തിൽ കൂടുന്ന DFMC മീറ്റിംഗിൽ ജില്ലയിലെ വിവിധ ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകളിൽ നിന്നും ലഭ്യമായിട്ടുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുന്ന വിഷയങ്ങളിൽ ജില്ലാ തലത്തിൽ തീരുമാനമെടുക്കുകയും ചെയ്യുന്നു. FVMC, DFMC മീറ്റിംഗുകളിൽ മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട് വരുന്ന വിഷയങ്ങൾ അതത് വകുപ്പുകൾക്ക് രേഖാമൂലം കൈമാറ്റം ചെയ്യുകയും ആയതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. FVMC, DFMC മീറ്റിംഗുകളിൽ തീരുമാനം കൈക്കൊള്ളാൻ കഴിയാത്ത വിഷയങ്ങൾ സംസ്ഥാന തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം മത്സ്യ മേഖലയിലെ പ്രാദേശിക തലം മുതലുള്ള വിഷയങ്ങൾ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും മത്സ്യത്തൊഴിലാളി പ്രതിനിധികളുടെയും സാന്നിധ്യത്തിൽ ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും കൗൺസിൽ മീറ്റിംഗുകൾ വളരെ പ്രയോജനമാണ്.

ആവാസ വ്യവസ്ഥയുടെയും മത്സ്യ സമ്പത്തിന്റെയും സംരക്ഷണം, നിയമപരമായ മത്സ്യ ബന്ധന രീതികൾ, മത്സ്യബന്ധന സമയത്ത് ഉപയോഗിക്കേണ്ട സുരക്ഷാ ഉപകരണങ്ങൾ എന്നിവയെ കുറിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 9 തീരദേശ ജില്ലകളിൽ 18 ബാച്ചുകളിലായി 540 മത്സ്യത്തൊഴിലാളികൾക്ക് 6.89 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 60 ബാച്ചുകളിലായി 2519 മത്സ്യത്തൊഴിലാളികൾക്ക് 12 ലക്ഷം രൂപയും ചെലവഴിച്ച് പരിശീലനം നൽകി. 2023-24 വർഷത്തിൽ 100 ബാച്ചുകളിലായി 5900 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി. ഇതിനായി 20 ലക്ഷം രൂപ ചെലവഴിച്ചു.

2024-25 വർഷം "Conservation and Management of Marine Fisheries" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി "Awareness and Training

| | | | |
|---|---|---|---|
| | | | "Programme to Fishermen" എന്ന ഘടകത്തിന് ഭരണാനുമതി നൽകി. വില്ലേജ്-ജില്ലാ-സംസ്ഥാന തല മാനേജ്മെന്റ് കൗൺസിൽ യോഗങ്ങൾ കൃത്യമായി ചേരുകയും ഒൻപത് മറൈൻ ജില്ലകളിലുമായി 87 ബോധവൽക്കരണ പരിപാടികളും 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന മാനേജ്മെന്റ് കൗൺസിൽ മുഖേന 36 ബോധവൽക്കരണ പരിപാടികളും ഉൾപ്പടെ ആകെ 123 ബോധവൽക്കരണ പരിപാടികൾ നടത്തുകയുണ്ടായി. പദ്ധതികൾക്കായി ടി വർഷം ആകെ 9,54,240/- രൂപ ചെലവഴിച്ചു.<br><br>നടപ്പ് സാമ്പത്തിക വർഷം (2025 – 26) "Conservation and Management of Marine Fisheries" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി Activities of State, District & Village level Fisheries Management Councils 2025-26 ന് ഭരണാനുമതി നൽകിയിട്ടുണ്ട്. ത്രിതല മാനേജ്മെന്റ് കൗൺസിൽ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ പരിപാടികൾ, കടൽ തീരത്തുള്ള എല്ലാ ജീവ ജാലങ്ങളെയും സസ്യങ്ങളെയും തിരിച്ചറിയുന്നതിനും അവ സംരക്ഷിക്കേണ്ട ആവശ്യകത മനസിലാക്കുക എന്ന ലക്ഷ്യത്തോടെ 'കടലോര നടത്തം' എന്ന പരിപാടി, മത്സ്യ സമ്പത്തിന്റെ സംരക്ഷണം സംബന്ധിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 7,8,9 ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് 'Poster Making competition' പരിപാടി എന്നിവയാണ് ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ ഇടവേളകളിൽ മാനേജ്മെന്റ് കൗൺസിൽ യോഗങ്ങൾ ചേരുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | 2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി തുടങ്ങിയ 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. ഇ-ടെൻഡർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | | | കമ്പിനി മുഖേനയാണ് 2022-23 സാമ്പത്തിക വർഷം വരെ പദ്ധതി നടപ്പിലാക്കി വന്നിരുന്നത്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതായിരുന്നു പ്രീമിയം തുകയായി നിശ്ചയിച്ചിരുന്നത്. എന്നാൽ 2023-24 സാമ്പത്തിക വർഷം ഇൻഷുറൻസ് പദ്ധതി നടത്തിപ്പിനായി യോഗ്യതയുള്ള സ്ഥാപനങ്ങളിൽ നിന്നും EoI (Expression of Interest) ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക quote ചെയ്ത Oriental Insurance company Ltd നെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷം നിശ്ചിത വിലയുടെ 0.246 ശതമാനം ആണ് പ്രീമിയം തുകയായി നിശ്ചയിച്ചിരുന്നത്. 2024-25 ൽ ഇത് നിശ്ചിത വിലയുടെ 0.308 ശതമാനവും 2025-26 ൽ ഇത് നിശ്ചിത വിലയുടെ 0.428 ശതമാനവും ആണ്.<br><br>2018-19 സാമ്പത്തിക വർഷം മുതൽ 2024-25 വരെ 15 കോടി 75 ലക്ഷം രൂപ ചെലവിൽ ആകെ 15,146 യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം പരമാവധി യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | 2024-25 വർഷം എത്ര യാനങ്ങൾ ഇൻഷുറൻസ് പദ്ധതിയിൽ ചേർത്തിട്ടുണ്ട്; എത്ര തുക ഇൻഷുറൻസ് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | 2024-25 വർഷം 2883 യാനങ്ങളെ ഇൻഷുറൻസ് പദ്ധതിയിൽ ചേർത്തിട്ടുണ്ട്. 2024-25 വർഷം 216 യാനങ്ങൾക്ക് ആകെ 1,41,55,958/- രൂപ ഇൻഷുറൻസ് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ